പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5735

27.10.2011-ൽ മറുപടിയ്ക്ക്

വി.ഇ.ഒ.തസ്തിക

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റ്റി.യു.കുരുവിള<br>ശ്രീ.മോൻസ് ജോസഫ് | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| (എ) ഗ്രാമവികസന വകുപ്പിൽ വി.ഇ.ഒ. മാരുടെ സേവന വേതന വ്യവസ്ഥകളിൽ ജോലിഭാരം കണക്കിലെടുത്ത് കാലോചിതമായ പരിഷ്കാരങ്ങൾ ഉണ്ടായിട്ടില്ല എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) & (ബി) കാലാകാലങ്ങളിൽ സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുമ്പോൾ ഗ്രാമവികസന വകുപ്പിലെ വി.ഇ.ഒ.മാരുടെ ശമ്പളവും കാലോചിതമായി പരിഷ്ക്കരിച്ചു നൽകിയിട്ടുണ്ട്. എന്നാൽ കഴിഞ്ഞ ശമ്പള പരിഷ്ക്കരണ ഉത്തരവിൽ വി.ഇ.ഒ.മാരുടെ ശമ്പള സ്കെയിലിൽ അനോമലി ഉള്ളതായി കാണിച്ച് വി.ഇ.ഒ.മാരുടെ സംഘടന നൽകിയ നിവേദനം ധനകാര്യ (പേ റിവിഷൻ സെൽ) വകുപ്പിന്റെ പരിഗണനയ്ക്കായി കൈമാറിയിട്ടുണ്ട്. |
| (സി) വി.ഇ.ഒ.തസ്തികയുടെ നിയമനത്തിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; ഇവയുടെ അടിസ്ഥാന യോഗ്യത എന്തെന്ന് വ്യക്തമാക്കുമോ; | (സി) വി.ഇ.ഒ.തസ്തികയിലേക്കുള്ള നിയമനം പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ്. അടിസ്ഥാന യോഗ്യതയായ എസ്.എസ്.എൽ.സി.ക്ക് കുറഞ്ഞത് 40% മാർക്കോടെയുള്ള വിജയമാണ് കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത. നിയമനത്തിനായി |

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 6 മാസത്തെ പ്രീസർവ്വീസ് പരിശീലനവും ഉണ്ടായിരിക്കുന്നതാണ്. പരിശീലനം വിജയകരമായി പൂർത്തിയാക്കുമ്പോൾ നിയമനം നൽകുന്നു. |
| (ഡി) | വി.ഇ.ഒ.മാരിൽ എം.എസ്.ഡബ്ലിയു. യോഗ്യതയുള്ളവർക്ക് എൻ.ആർ.എൽ.എം.ൽ വിവിധ തസ്തികകളിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിലുള്ള നിയമ പ്രകാരം വി.ഇ.ഒ.മാരുടെ പ്രൊമോഷന് അധിക യോഗ്യത മാനദണ്ഡമല്ല. |

സെക്ഷൻ ഓഫീസർ